ഹോസ്പിറലിലാണ്. പൊള്ളലിന് ഏറ്റവും നല്ല ചികിൽസ തൃശ്ശൂർ മിഷൻ ഹോസ്പിറലിലാണെന്ന ധാരണയോടുകൂടി ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങം മുഴുവൻ അവിടെയാണ്. ചികിൽസയ്ക്കും ഉപജീവനത്തിനും യാതൊരു മാർഗ്ഗവുമില്ലാതെ നട്ടം തിരിയുന്ന ഈ കുടുംബത്തിന് എല്ലാ പ്രകാരവുമുള്ള സഹായം വിശേഷിച്ച് സാമ്പത്തിക സഹായം അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ദുഃഖകരമായ ഒരു സംഭവമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ലോനപ്പന്റെ ഭാര്യ അപകടത്തിൽ മരിച്ചു. മറ്റുള്ളവർ ആശുപത്രിയിൽ ചികിൽസയിലാണ്. ഈ കുടുംബത്തിന് ഏറ്റവും വലിയ നാശനഷ്ടമാണുണ്ടായത്. അവരുടെ ചികിൽസയ്ക്കു വേണ്ട എല്ലാ സഹായവും ചെയ്തു കൊടുക്കും. മറ് വിധത്തിലുള്ള കാര്യങ്ങളെക്കുറിച്ച് മെമ്പർ തരുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാം.

(7) പേമാരിയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ അടുത്ത നാളിലുണ്ടായ പ്രകൃതിക്ഷോഭം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കടുത്തുരുത്തിയുടെ പടിഞ്ഞാറൻ മേഖലയിൽ വെള്ളപ്പൊക്കംമൂലവും കിഴക്കൻ മേഖലയിൽ കൊടുങ്കാറ്റുമൂലവും വളരെയേറെ നാശനഷ്ടങ്ങം ഉണ്ടായിട്ടുണ്ട്. മാഞ്ഞൂർ പഞ്ചായത്തിലെ 75 ഏക്കർ കൃഷിഭൂമിയിലെ പച്ചക്കറികൃഷി വെള്ളത്തിനടിയിലാണ്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ളത്. രണ്ട് സ്ഥലത്ത് ക്യാമ്പ് തുറന്നിട്ടുണ്ട്. പക്ഷേ ക്യാമ്പിലേക്ക് പോകാൻ തയ്യാറാകാത്ത ആളുകം വെള്ളത്തിൽതന്നെ താമസിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. നീലൂർ പഞ്ചായത്തിലെ ആറ് വീടുകം പൂർണ്ണമായും തകർന്നുപോയി. പൂർണ്ണമായി തകർന്ന വീടുകംക്ക് 30,000 രൂപ മുഖ്യമന്ത്രി പ്രഖ്യാപിച്ച തനുസരിച്ച് ഈ തുക എത്രയും വേഗം എത്തിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ കല്ലറ പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിൽ 150 വീടുകളോളം വെള്ളത്തിനടിയിലാണ്, അവർക്ക് സൗജന്യ റേഷൻ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇതുവരെ യാതൊരു നിർദ്ദേശവും സൗജന്യ റേഷൻ നൽകാൻവേണ്ടി ലഭിച്ചിട്ടില്ല. അതുകൊണ്ട് അവർക്ക് മറ് യാതൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് കുറഞ്ഞത് രണ്ട് ആഴ്ച എങ്കിലും സൗജന്യ റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

അതുപോലെത്തന്നെ മറെറാരു സംഭവമുണ്ടായത്, പ്രകൃതിക്ഷോഭംമൂലം വൈദ്യുതിലൈൻ പൊട്ടിവീണ് വൈദ്യുതാഘാതമേറ്റ് 35 വയസ്സുള്ള യുവാവ് മരിക്കുകയുണ്ടായി. കടുത്തുരുത്തി പഞ്ചായത്തിൽ ഒരു ഏരിയ മുഴുവൻ തകർന്നുപോയി. അതുകൊണ്ട് കൃഷിനാശം ഉണ്ടായ മേഖലകളിൽ അടിയന്തിരമായി കർഷകർക്ക് സഹായം എത്തിക്കാനും വീട് നഷ്ടപ്പെട്ടവരെ സഹായിക്കാനും അവർക്ക് സൗജന്യ റേഷൻ അനുവദിക്കാനും മരിച്ചയാളിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും അടിയന്തിരമായ നടപടികം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഒരാഴ്ചയായി തുടരുന്ന തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വ്യാപകമായ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. അവിടെ 3 ദുരിതാശ്വാസ ക്യാമ്പുകളും തുടങ്ങുകയും 295 പേരെ പാർപ്പിച്ചിരിക്കുകയുമാണ്. പൂർണ്ണമായും ഭാഗികമായും വീടുകളും നഷ്ടപ്പെട്ടവർക്ക് ധനസഹായം കൊടുക്കും. വെള്ളപ്പൊക്കം കൊണ്ട് അഫക്ടഡായിട്ടുള്ളവർക്ക് സൗജന്യ റേഷൻ കൊടുക്കാൻ നിർദ്ദേശം കൊടുക്കാം.

(8) ഭാരതപ്പുഴയിൽ തൂതപ്പുഴയ്ക്കും താഴെ ചെക്ക് ഡാം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പാലക്കാട് മലപ്പുറം ജില്ലകളിലെ പത്തിൽക്കൂടുതൽ പഞ്ചായത്തുകൾക്ക് സഹായകരമായ ഭാരതപ്പുഴയിലെ കൂട്ടക്കടവ് പ്രദേശത്തെ ഒരു ചെക്ക് ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സെൻട്രൽ വാട്ടർ മിഷനും കേരള വാട്ടർ അതോറിറ്റിയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും നടത്തിയ നിരവധി സർവ്വേകളിൽ ഈ പ്രദേശത്ത് ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ മാത്രമേ അവിടത്തെ ജനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ കഴിയൂ എന്ന് പറഞ്ഞിട്ടുണ്ട്. ആനക്കര പഞ്ചായത്തിൽ തൂതപ്പുഴയ്ക്കും താഴെ ഭാരതപ്പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് തത്വത്തിൽ യോജിക്കുകയാണ്. ഇതിനായി 1,99,000 രൂപ വകയിരുത്തിയിട്ടുണ്ട്. നദിയുടെ അടിത്തട്ടിൽനിന്നും ഉദ്ദേശം 15 മീറ്റർ താഴ്ചയിലാണ് പാറ കാണുന്നത്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 50 ലക്ഷം രൂപ വേണം. സാമ്പത്തിക ലഭ്യതയാണ് പ്രധാന പ്രശ്നം. എങ്കിലും ഈ കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കാം.

(9) തിരുവമ്പാടിയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ കാട്ടാനശല്യം

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ മണ്ഡലമായ കോടഞ്ചേരി-തിരുവമ്പാടി-പുതുപ്പാടി പഞ്ചായത്തുകളിൽ പലതും വനാതിർത്തിയുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. അവിടെ വർഷങ്ങളായി കർഷകർ വമ്പിച്ച ഭീതിയിലാണ്. കാട്ടാനകൾ കടന്നുവന്ന് നിരവധി കർഷകരുടെ സർവ്വതും നശിപ്പിച്ചു പോകുകയാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി എന്തെങ്കിലും ചെയ്യണം. കഴിഞ്ഞ 9 വർഷക്കാലമായി ഈ നിയമസഭയിൽ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഈ പ്രദേശങ്ങളിലും കോടഞ്ചേരി പഞ്ചായത്തിലെ കണ്ടപ്പഞ്ചാൽ, കൂരോട്ടുപാറ പുതുപ്പാടി പഞ്ചായത്തിലെ പയോണ തുടങ്ങിയ പ്രദേശങ്ങളിൽ കർഷകരുടെ ലക്ഷക്കണക്കിന് രൂപയുടെ സമ്പത്തും, അവരുടെ വീടുകളും തകർത്തെറിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫോട്ടോകളും, റിപ്പോർട്ടുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ജീവനു പോലും ഭീതിജനകമായ ഈ അവസ്ഥാവിശേഷം അവസാനിപ്പിക്കാൻ എന്തെങ്കിലും ചെയ്യണം. 7 കിലോമീറ്റർ ദൂരത്തോളം സോളാർ ഫെൻസിംഗ് ഉപയോഗിച്ചുകൊണ്ട് വേലികൾ നിർമ്മിക്കണം. ഇത് നേരത്തെ ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. അതുപോലെ കാട്ടാനകൾക്ക് കടന്നു വരാൻ സാധിക്കാത്ത തരത്തിൽ കിടങ്ങുകൾ തീർത്തുകൊണ്ട് കർഷകരുടെ

LIBRARY ARCHIVES Kerala Legislative Assembly